"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പാലിക്കേണ്ട ശുചിത്വ മാലിന്യ പ്രോട്ടോക്കോൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2029/2025/LSGD തീയതി,തിരുവനന്തപുരം, 15-08-2025

---

പരാമർശം:- 1. വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെയും തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെയും അധ്യക്ഷതയിൽ 17.06.2025-ന് നടന്ന യോഗത്തിന്റെ മിനിറ്റ്സ്

**<u>ഉത്തരവ്</u>**

കേരളത്തിന്റെ ജി. ഡി.പിയിൽ പ്രധാന സംഭാവന നൽകുന്ന, വിദേശികളും സ്വദേശികളുമായ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന ഘടകങ്ങളായ കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കാലാവസ്ഥയും നിലനിർത്തികൊണ്ടുപോകുന്നതിൽ മാലിന്യ സംസ്കരണത്തിന് വലിയ പങ്കുണ്ട്. വൃത്തിയുള്ളതും ആകർഷണിയവുമായ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഉറപ്പാക്കുന്നതിലൂടെ കേരളത്തിലെ വിനോദ സഞ്ചാര മേഖല കൂടുതൽ ശക്തിപ്പെടും. മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനും അതുവഴി വിനോദ സഞ്ചാര കേന്ദ്രങ്ങൾ മാലിന്യ മുക്തം ആക്കാനും സാധിക്കും. സംസ്ഥാനത്തെ 480 വിനോദ സഞ്ചാര കേന്ദ്രങ്ങളിലായി മാലിന്യ സംസ്കരണം സംബന്ധിച്ച് വിനോദ സഞ്ചാര വകുപ്പും ശുചിത്വ മിഷനും സംയുക്തമായി നടത്തിയ പഠനത്തിൽ നിന്നും, സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിലെ മാലിന്യ സംസ്കരണം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് ബോധ്യമാകുകയുണ്ടായി. ആയതിന് വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ മാലിന്യ സംസ്കരണ

പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഉറപ്പ് വരുത്തേണ്ട കാര്യങ്ങൾ ഉണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഉറപ്പ് വരുത്തേണ്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ശുചിത്വ മാലിന്യ പെരുമാറ്റ ചട്ടം(ടൂറിസം പ്രോട്ടോകോൾ ) ഇതോടൊന്നിച്ചു ചേർക്കും പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി,ടൂറിസം വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, ടൂറിസം വകുപ്പ്

മാനേജിങ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെൻറ് കോർപറേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ടൂറിസം വകുപ്പ്

എല്ലാ തദ്ദേശ സ്ഥാപനങ്ങളും (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ഓഡിറ്റ്) കേരളം തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ് & ന്യൂ മീഡിയ,ഐ & പി ആർ ഡി

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 16-08-2025 12:21:17

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ-ക്ക്

# വിനോദ സഞ്ചാര കേന്ദ്രങ്ങൾക്കായുള്ള ശുചിത്വ മാലിന്യ പെരുമാറ്റ ചട്ടം(ടൂറിസം പ്രോട്ടോക്കോൾ)

(വിനോദ സഞ്ചാര വകുപ്പും ശുചിത്വ മിഷനും സംയുക്തമായി തയ്യാറാക്കിയത്)

## ഉള്ളടക്കം


| നം. | ഇനം |
|---|---|
| | ആമുഖം |
| 1 | വിനോദ സഞ്ചാര കേന്ദ്രങ്ങൾക്കായുള്ള പൊതു നിബന്ധനകൾ |
| 2 | വിനോദ സഞ്ചാര കേന്ദ്രത്തിലെ പൊതുയിട പരിപാലനം |
| 3 | പൊതു ശുചിമുറി പരിപാലനം |
| 4 | വിനോദ സഞ്ചാര കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ |
| 4.1 | സ്ഥാപനങ്ങൾക്കുള്ള പൊതു നിർദ്ദേശങ്ങൾ |
| 4.2 | ഭക്ഷണ ശാല / തെരുവ് കച്ചവടം / തട്ടുകടകൾ |
| 4.3 | ഹോട്ടൽ / ഹോം സ്റ്റേ / റിസോർട്ട് / ലോഡ്ജ് / ഹോസ്റ്റൽ / ഡോർമെറ്ററി |
| 4.4 | ബോട്ട് / ഹൗസ് ബോട്ട് / വഞ്ചി / കുട്ടവഞ്ചി |
| 4.5 | വിനോദ സഞ്ചാര കേന്ദ്രത്തിൽ ഉപയോഗിക്കുന്ന മൃഗങ്ങളുടെ പരിപാലനം |
| 4.6 | ട്രെക്കിങ്ങ് / ക്യാമ്പിംഗ് / ടെന്റിംഗ് |
| 4.7 | ടാക്സി / ടൂറിസ്റ്റ് ബസ് ഓപ്പറേറ്റേഴ്സ് |
| 5 | വിനോദ സഞ്ചാര കേന്ദ്രത്തിന്റെ ഉടമസ്ഥത ഉള്ള ഏജൻസി/ വകുപ്പിന്റെ ഉത്തരവാദിത്വങ്ങൾ |
| 6 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വങ്ങൾ |
| 7 | കേന്ദ്രത്തിലെത്തുന്ന സഞ്ചാരികളുടെ ഉത്തരവാദിത്വങ്ങൾ |
| 8 | വിനോദ സഞ്ചാര വകുപ്പിന്റെ ഉത്തരവാദിത്വങ്ങൾ |
| 9 | ശുചിത്വ മിഷന്റെ ഉത്തരവാദിത്വങ്ങൾ |
| 10 | മലിനീകരണ നിയന്ത്രണ ബോർഡ് നിരോധിച്ച ഉത്പന്നങ്ങളുടെ പട്ടിക |
| 11 | വിവര വിജ്ഞാന പ്രവർത്തനത്തിന്റെ മാതൃകാ ബോർഡുകൾ |

**ആമുഖം**

2023-ൽ മാത്രം 6.5 ലക്ഷം വിദേശ വിനോദ സഞ്ചാരികളും 2.2 കോടി തദ്ദേശ വിനോദ സഞ്ചാരികളുമാണ് കേരളം സന്ദർശിച്ച് മടങ്ങിയത്. ഇതിൽ സംസ്ഥാനത്തിനുള്ളിലുള്ള പ്രാദേശിക വിനോദ സഞ്ചാരികൾ ഉൾപ്പെടുന്നില്ല. ഇവയെല്ലാം കേരളത്തിന്റെ ജി.ഡി.പിയിൽ നൽകുന്ന സംഭാവന ചെറുതല്ല. കേരളത്തിലേക്ക് സഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന ഘടകങ്ങളാണ് കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കാലാവസ്ഥയും. ഇവ നിലനിർത്തികൊണ്ടുപോകുന്നതിൽ മാലിന്യ സംസ്കരണത്തിന് വലിയ പങ്കുണ്ട്. വൃത്തിയുള്ളതും ആകർഷണീയവുമായ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഉറപ്പാക്കുന്നതിലൂടെ കേരളത്തിലെ വിനോദ സഞ്ചാര മേഖല കൂടുതൽ ശക്തിപ്പെടും. മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനും അതുവഴി വിനോദ സഞ്ചാര കേന്ദ്രങ്ങൾ മാലിന്യ മുക്തം ആക്കാനും സാധിക്കും. സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങൾക്ക് വ്യത്യസ്ത സ്വഭാവഗുണങ്ങൾ ആയതിനാൽ ഓരോ കേന്ദ്രവും വ്യത്യസ്തമായ രീതിയിൽ പരിപാലിക്കേണ്ടി വരും. വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഉറപ്പ് വരുത്തേണ്ട കാര്യങ്ങൾ ആണ് ഈ ശുചിത്വ മാലിന്യ പെരുമാറ്റ ചട്ടത്തിൽ ഉള്ളത്. കേന്ദ്രങ്ങളുടെ വൃത്തി ഉറപ്പാക്കേണ്ടത് വിനോദ സഞ്ചാര കേന്ദ്രത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പ്/ ഏജൻസിയുടേയും തദ്ദേശ സ്ഥാപനത്തിന്റെയും മാത്രം ഉത്തരവാദിത്വം അല്ല മറിച്ച് അവിടുത്തെ തദ്ദേശീയർ, പ്രസ്തുത കേന്ദ്രത്തിലെ സംരംഭകർ, വിനോദ സഞ്ചാര കേന്ദ്രം സന്ദർശിച്ച് മടങ്ങുന്ന വിനോദ സഞ്ചാരികൾ എന്നിവരുടെ കൂടി ഉത്തരവാദിത്വമാണ്. വിനോദ സഞ്ചാരികളെ നല്ല മാലിന്യ സംസ്കരണ സംസ്കാരത്തിന്റെ ഭാഗമാക്കുന്നതിന് വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. ആയതിന്റെ ഉത്തരവാദിത്തം കേന്ദ്രത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പ്/ ഏജൻസിക്കും തദ്ദേശ സ്ഥാപനത്തിനും ആയിരിക്കും. കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ എണ്ണം ഇന്നും ഒരു കൃത്യമായ സംഖ്യ പറയാനില്ലാത്ത ഒന്നാണ്. സംസ്ഥാനത്തെ 480 വിനോദ സഞ്ചാര കേന്ദ്രങ്ങളിലായി മാലിന്യ സംസ്കരണം സംബന്ധിച്ച് വിനോദ സഞ്ചാര വകുപ്പും ശുചിത്വ മിഷനും സംയുക്തമായി നടത്തിയ പഠനത്തിൽ നിന്നും, സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിലെ മാലിന്യ സംസ്കരണം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പാലിക്കേണ്ട ശുചിത്വ മാലിന്യ പെരുമാറ്റ ചട്ടം.

1.വിനോദ സഞ്ചാര കേന്ദ്രങ്ങൾക്കുള്ള പൊതു നിബന്ധനകൾ

1. വിനോദ സഞ്ചാര കേന്ദ്രത്തിലെ മാലിന്യ സംസ്കരണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം വിനോദ സഞ്ചാര കേന്ദ്രത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പ്/ഏജൻസി/തദ്ദേശ സ്ഥാപനങ്ങൾക്കുമായിരിക്കും. കൃത്യമായ ഉടമസ്ഥത ഇല്ലാത്ത വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണം കേന്ദ്രം സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതല ആയിരിക്കും. കേന്ദ്രത്തിലെ പൊതു ഇടങ്ങളും പാതയോരങ്ങളും പ്രവേശന കവാടവും പരിസരവും എല്ലായിപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

2. വിനോദ സഞ്ചാര കേന്ദ്രത്തിലെ മാലിന്യ സംസ്കരണ പ്രക്രിയ എങ്ങനെ ആയിരിക്കണം എന്നത് സംബന്ധിച്ച എഴുതി തയ്യാറാക്കിയ ഒരു ശാസ്ത്രീയ പദ്ധതി ഉണ്ടായിരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയോ ശുചിത്വ മിഷന്റേയോ സേവനം പ്രയോജനപ്പെടുത്തി ആവണം ഇത് തയ്യാറാക്കേണ്ടത്.

3. വിനോദ സഞ്ചാര കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പരിസരം പ്രസ്തുത സ്ഥാപനങ്ങൾ വൃത്തിയായി സൂക്ഷിക്കണം. ഇത് വിനോദ സഞ്ചാര കേന്ദ്രത്തിന്റെ ഉടമസ്ഥത ഉള്ള വകുപ്പ് / ഏജൻസി ഉറപ്പാക്കണം

4. കേന്ദ്രത്തിലെ ശുചിത്വ മാലിന്യ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ഒരു ഉദ്യോഗസ്ഥ(ൻ) /ജീവനക്കാരി(ൻ) ഉണ്ടായിരിക്കണം. മാലിന്യ സംസ്കരണ സംവിധാനത്തിന്റെ ചുമതലപ്പെട്ട ഉദ്യോഗസ്ഥ(ൻ) /ജീവനക്കാരി (ൻ) യുടെയും സൂപ്പർവൈസറിന്റെയും കേന്ദ്രത്തിലെ ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിനുള്ള ഉദ്യോഗസ്ഥ(ൻ)/ജീവനക്കാരി(ൻ)യുടെയും പേര് വിവരവും ഫോൺ നമ്പറും കേന്ദ്രത്തിൽ പ്രദർശിപ്പിക്കണം.

5. കൃത്യമായ ഇടവേളകളിൽ വിനോദ സഞ്ചാര കേന്ദ്രം വൃത്തിയാക്കുന്ന പ്രവർത്തനങ്ങൾ ഉടമസ്ഥാവകാശമുള്ള വകുപ്പ് /ഏജൻസി/സ്വകാര്യ വ്യക്തി നടത്തണം, വിനോദ സഞ്ചാര കേന്ദ്രം സ്ഥിതി ചെയ്യുന്ന തദ്ദേശ സ്ഥാപനം ഇത് ഉറപ്പ് വരുത്തണം

6. വിനോദ സഞ്ചാര കേന്ദ്രത്തിൽ നിരോധിത ഉത്പന്നങ്ങൾ ഉപയോഗിക്കാനും വില്പന നടത്താനും പാടില്ല. ഇത് ഉടമസ്ഥതയുള്ള വകുപ്പ് /എജൻസി/സ്വകാര്യ വ്യക്തി ഉറപ്പ് വരുത്തണം. ഇവയുടെ ഉപയോഗവും വിൽപ്പനയും തടയാനുള്ള നടപടികൾ തദ്ദേശ സ്ഥാപനം സ്വീകരിക്കണം.

7. ആവശ്യമെങ്കിൽ വിനോദ സഞ്ചാര കേന്ദ്രത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

സുഗമാമായി നടത്തുന്നതിന് ചിലവ് വരുന്ന തുക കേന്ദ്രത്തിലെത്തുന്ന സഞ്ചാരികളുടെ കയ്യിൽ നിന്നും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഈടക്കാവുന്നതാണ്. (***ചട്ടം 20, ഖര മാലിന്യ പരിപാലന ചട്ടം 2016*** )

8. ഹരിതചട്ട പരിപാലനത്തിനുള്ള പരിശോധന സംവിധാനങ്ങൾ കേന്ദ്രത്തിൽ ഉറപ്പാക്കുക, അത് പാലിക്കാനുള്ള നിർദ്ദേശം സഞ്ചാരികൾക്ക് നൽകുക.

9. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിനോദ സഞ്ചാര കേന്ദ്രത്തിൽ നടത്തുന്നത് കേന്ദ്രത്തിന്റ സ്വാഭാവികത നിലനിർത്തികൊണ്ടും സഞ്ചാരികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിലും ആയിരിക്കണം.

10. വിനോദ സഞ്ചാര കേന്ദ്രത്തിലെ അലങ്കാരങ്ങൾ പ്രകൃതിസൗഹൃദമാകുന്നതും പരിഗണിക്കാവുന്നതാണ്.

11. കേന്ദ്രത്തിലെത്തുന്ന സഞ്ചാരികൾ കൊണ്ടുവരുന്ന ഭക്ഷ്യ വസ്തുക്കൾ കഴിക്കാനും അവിടെ ഉണ്ടാകുന്ന മാലിന്യം തരം തിരിച്ച് ശേഖരിക്കുവാനുമുള്ള ബിന്നുകൾ അടങ്ങിയ ഗ്രീൻ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുക. ഇത്തരത്തിൽ സ്ഥാപിക്കുന്ന സെന്ററുകളിൽ സഞ്ചാരികൾക്ക് ഉപയോഗിക്കാനുള്ള പാത്രങ്ങൾ, കുടിവെള്ളം, ശുചിമുറികൾ എന്നിവ ഉണ്ടാകണം. ഇതിന്റെ പ്രവർത്തനത്തിന് ആവശ്യമായ പണം സർവീസ് സെന്ററിൽ യൂസർ ഫീ ഇനത്തിൽ സഞ്ചാരികളിൽ നിന്നും ഈടാക്കാവുന്നതാണ്. ഇത്തരം സെന്ററുകൾ കുടുംബശ്രീയുടെ സംരംഭങ്ങളായി ആരംഭിക്കാവുന്നതാണ്.

12. വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വൃത്തിയും മാലിന്യ പരിപാലന രീതിയും സഞ്ചാരികൾക്ക് വിലയിരുത്തുന്നതിനായുള്ള ക്രമീകരണം ഉണ്ടായിരിക്കണം. അതിനായി അഭിപ്രായം അറിയിക്കാനുള്ള ബുക്കുകളോ, അഭിപ്രായം എഴുതി നിക്ഷേപിക്കാനുള്ള പെട്ടികളോ സ്ഥാപിക്കണം.

**2.വിനോദ സഞ്ചാര കേന്ദ്രത്തിലെ പൊതുയിടപരിപാലനം**

1. വിനോദ സഞ്ചാര കേന്ദ്ര പരിധിയിലുള്ള പൊതു സ്ഥലത്ത് ഉണ്ടാകുന്ന മാലിന്യം ശേഖരിക്കാനായി സഞ്ചാരികളുടെ എണ്ണത്തിനും കേന്ദ്രത്തിന്റെ വലുപ്പത്തിനും ആനുപാതികമായി ജൈവം,അജൈവം എന്നിങ്ങനെ തരം തിരിച്ച് ശേഖരിക്കാനായി ബിന്നുകൾ ഉണ്ടായിരിക്കണം. പൊതു സ്ഥലത്ത് ബിന്നുകൾ സ്ഥാപിക്കുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ പൊതുസ്ഥലങ്ങളിൽ മാലിന്യ ശേഖരണ ബിന്നുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച മാർഗരേഖ പാലിക്കുക, (മാർഗരേഖ അടങ്ങുന്ന സ.ഉ.(സാധാ) നം.354/2025/LSGD തീയതി 04/02/2025 അനുബന്ധമായി ചേർക്കുന്നു)

2. കേന്ദ്രത്തിൽ പിന്തുടരുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി അവിടെയെത്തുന്ന

സഞ്ചാരികൾ എങ്ങനെ സഹകരിക്കണമെന്ന നിർദ്ദേശം കേന്ദ്രത്തിന്റെ പ്രവേശന സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ് / സഞ്ചാരികൾക്ക് കൃത്യമായ അറിയിപ്പ് നൽകേണ്ടതാണ്

3. വനത്തോട് ചേർന്ന് / വനത്തിനുള്ളിൽ പ്രവർത്തിക്കുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണം സംവിധാനങ്ങൾ വന്യമൃഗങ്ങളാൽ ആകർഷിക്കുന്ന തരത്തിൽ ആകാൻ പാടില്ല (നിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തു, നിറം, ആകൃതി എന്നിവ ശ്രദ്ധിക്കുക). പക്ഷികൾക്കും മൃഗങ്ങൾക്കും പ്രവേശിക്കാൻ കഴിയാത്ത തരത്തിൽ വേണം മാലിന്യ ശേഖരണ സംവിധാനങ്ങളും സംസ്കരണ സംവിധാനങ്ങളും സ്ഥാപിക്കാൻ.

4. വിനോദ സഞ്ചാര കേന്ദ്ര പരിധിക്കുള്ളിലെ പൊതുസ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന ബിന്നുകളിൽ വരുന്ന ജൈവ, അജൈവ മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്ത് എല്ലാ സമയത്തും സഞ്ചാരികൾക്ക് മാലിന്യം നിക്ഷേപിക്കാനുള്ള സൗകര്യം ഉറപ്പാക്കേണ്ടതാണ്. ബിന്നുകളുടെ വൃത്തിയും ആകർഷകതയും ഉറപ്പാക്കണം. കേന്ദ്രത്തിൽ മാലിന്യ ശേഖരണത്തിനായി സ്ഥാപിച്ചിരിക്കുന്ന ബിന്നുകൾ നിറഞ്ഞു കവിയാൻ പാടുള്ളതല്ല.

5. സാനിട്ടറി മാലിന്യം ശേഖരിക്കാനുള്ള ബിന്നുകൾ / സംവിധാനം കേന്ദ്രത്തിലുണ്ടാവണം, ആ ബിന്നുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തെ പറ്റിയുള്ള വിവരം കേന്ദ്രത്തിൽ ഉണ്ടാവണം, അത്തരത്തിലുള്ള മാലിന്യം മറ്റ് ബിന്നുകളിൽ നിക്ഷേപിക്കരുതെന്ന നിർദ്ദേശം മറ്റ് ബിന്നുകളുടെ അടുത്ത് സ്ഥാപിക്കണം. വലിയ അളവിൽ സാനിട്ടറി മാലിന്യം ഉണ്ടാകുന്ന കേന്ദ്രങ്ങളിൽ സംസ്കരണം സംവിധാനം / ശുചിത്വ മിഷന്റെ എംപാനൽമെന്റ് ഉള്ള ഏജൻസിയുമായി കൈമാറ്റ കരാർ ഉണ്ടാവണം.

6. വിനോദ സഞ്ചാര കേന്ദ്ര പരിധിയിലുള്ള പൊതു സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന ബിന്നുകളിൽ നിന്നും ലഭിക്കുന്ന അജൈവ മാലിന്യം കൈമാറ്റം ചെയ്യാൻ ശുചിത്വ മിഷൻ അംഗീകരിച്ച എജൻസിയുമായി കരാർ ഉണ്ടാവണം

7. ജൈവ മാലിന്യം ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉപയോഗിച്ചോ പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉപയോഗിച്ചോ സംസ്കരിക്കണം. അത് സാധിക്കാത്ത പക്ഷം ഹരിത കർമ്മ സേന/ ജൈവ മാലിന്യ ശേഖരണത്തിന് ശുചിത്വ മിഷന്റെ അംഗീകാരവുമുള്ള ഏജസികൾക്ക് കൈമാറേണ്ടതാണ്.

8. ദിനംപ്രതി 10 കിലോഗ്രാമിൽ കൂടുതൽ അജൈവ മാലിന്യം ഉണ്ടാകുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യമെങ്കിൽ അജൈവ മാലിന്യ ശേഖരണ സംവിധാനമായ മിനി എം.സി.എഫ് നിർമ്മിക്കാവുന്നതാണ്.

9. വിനോദ സഞ്ചാര കേന്ദ്രത്തിൽ റെഡ്, യെല്ലോ സ്പോട്ടുകൾ ഉണ്ടാവാൻ പാടില്ല. ഇവ ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ സ്വീകരിക്കണം ( റെഡ് സ്പോട്ട് - മുറുക്കിത്തുപ്പുന്ന

പൊതുഇടങ്ങൾ, യെല്ലോ സ്പോട്ട് - മൂത്രമൊഴിക്കുന്ന പൊതു സ്ഥലങ്ങൾ )

10. വിനോദ സഞ്ചാര കേന്ദ്രത്തിൽ മാലിന്യ കൂനകൾ ഉണ്ടായിരിക്കാൻ പാടുള്ളതല്ല , നിലവിൽ കേന്ദ്രത്തിലുള്ള മാലിന്യ കൂനകൾ നീക്കം ചെയ്യാനുള്ള പ്രവർത്തനങ്ങൾ അതാത് തദ്ദേശ സ്ഥാപനത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കുക

11. പൂർണ്ണമായും പ്ലാസ്റ്റിക് നിരോധനം സാദ്ധ്യമാകുന്ന കേന്ദ്രങ്ങളിൽ അത് കർശനമായി നടപ്പിലാക്കുക (പ്രവേശന സ്ഥലങ്ങളിലെ പരിശോധന, ഗ്രീൻ ചെക്ക്പോസ്റ്റുകൾ, ഒറ്റ തവണ മാത്രം ഉപയോഗിക്കാൻ സാധിക്കുന്ന വെള്ളത്തിന്റെ കുപ്പികൾ പ്രവേശിപ്പിക്കാൻ ഫീ ഈടാക്കൽ മുതലായ മാർഗങ്ങൾ സ്വീകരിക്കാവുന്നതാണ് )

3.പൊതു ശുചിമുറി പരിപാലനം

1. കേന്ദ്രത്തിലെത്തുന്ന വിനോദ സഞ്ചാരികളുടെ എണ്ണത്തിന് അനുപാതമായി പൊതു ശുചിമുറികൾ ഉണ്ടാകേണ്ടതാണ്.

2. ശുചിമുറിയുടെ നടത്തിപ്പിന് ചുമതലപ്പെട്ട ഒരു ജീവനക്കാരി(ൻ) ഉണ്ടായിരിക്കണം.

3. ശുചിമുറികൾ എല്ലാ സമയത്തും വൃത്തിയിൽ സൂക്ഷിക്കേണ്ടതാണ്, ഏറ്റവും ചുരുങ്ങിയത് ദിവസത്തിൽ ഒരു തവണ വൃത്തിയാക്കിയിരിക്കണം.

4. ശുചിമുറികളിൽ എല്ലാ സമയത്തും ജല ലഭ്യത ഉറപ്പാക്കണം

5. സഞ്ചാരികൾ ശുചിമുറികൾ വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ശുചിമുറിയിൽ ഉണ്ടായിരിക്കണം

6. ശുചിമുറിയുടെ പ്രവർത്തനങ്ങൾക്കുള്ള തുക കണ്ടെത്തുന്നതിന് യൂസർ ഫീ ഇടാക്കാവുന്നതാണ്

7. സ്ത്രീകളുടെ ശുചിമുറികളിൽ സാനിറ്ററി പാഡ് ഡിസ്ട്രോയർ ഉണ്ടായിരിക്കണം

8. ശുചിമുറികളോട് ചേർന്ന് മാലിന്യം തരം തിരിച്ച് ശേഖരിക്കുന്നതിനുള്ള ബിന്നുകൾ സ്ഥാപിക്കണം. ബിന്നുകൾ വൃത്തിയായി എല്ലാ സമയത്തും മാലിന്യം നിക്ഷേപിക്കാൻ സാധിക്കുന്ന തരത്തിൽ സൂക്ഷിക്കേണ്ടതാണ്

9. സഞ്ചാരികൾക്ക് ശുചിമുറികളുടെ വൃത്തി വിലയിരുത്തൽ നടത്താനുള്ള ക്രമീകരണം ഉണ്ടാവണം. കേന്ദ്രത്തിലെ ശുചിത്വ മാലിന്യ പ്രവത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥ(ൻ) /ജീവനക്കാരി(ൻ) സഞ്ചാരികൾ രേഖപ്പെടുത്തുന്ന വിലയിരുത്തൽ പരിശോധിച്ച് ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

## 4. വിനോദ സഞ്ചാര കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

4.1 സ്ഥാപനങ്ങൾക്കുള്ള പൊതു നിർദേശങ്ങൾ

i. വിനോദ സഞ്ചാര കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് , കേരള സംസ്ഥാന സർക്കാർ എന്നിവർ നിരോധിച്ച ഉത്പന്നങ്ങൾ* യാതൊരു കാരണവശാലും ഉപയോഗിക്കാനോ വില്പന നടത്താനോ പാടുള്ളതല്ല. ( കേന്ദ്രത്തിന്റെ ഉടമസ്ഥത ഉള്ള വകുപ്പ് / എജൻസിയും തദ്ദേശ സ്ഥാപനവും ഇത് ഉറപ്പ് വരുത്തണം )

ii. സ്ഥാപനത്തിൽ ഉണ്ടാകുന്ന മാലിന്യം, സ്ഥാപനവുമായി ബന്ധപ്പെട്ട് സഞ്ചാരികൾ ഉണ്ടാക്കുന്ന മാലിന്യം എന്നിവ ജൈവം, അജൈവം എന്നിങ്ങനെ തരം തിരിച്ച് ശേഖരിക്കാനുള്ള ബിന്നുകൾ എല്ലാ സ്ഥാപനങ്ങളും ഉറപ്പാക്കണം, ബിന്നുകളിൽ എത്തുന്ന മാലിന്യം എന്നും കൃത്യമായി നീക്കം ചെയ്യണം. ബിന്നുകൾ നിറഞ്ഞു കവിഞ്ഞു ഇരിക്കാൻ പാടുള്ളതല്ല, എല്ലാ സമയത്തും സഞ്ചാരികൾക്ക് മാലിന്യം നിക്ഷേപിക്കാനുള്ള സൗകര്യം ഉറപ്പാക്കേണ്ടതാണ്. ബിന്നുകളുടെ വൃത്തിയും ആകർഷകതയും ഉറപ്പാക്കണം. സ്ഥാപനങ്ങളിൽ വരുന്ന സഞ്ചാരികൾക്ക് മാലിന്യം കൃത്യമായി ബിന്നുകളിൽ തന്നെ നിക്ഷേപിക്കാനുള്ള നിർദേശം നല്കുക (ഐ. ഇ. സി)

iii. സ്ഥാപനങ്ങളുടെ പുറത്ത് സ്ഥാപിക്കുന്ന മാലിന്യ ശേഖരണ, സംസ്കരണ സംവിധാനങ്ങൾ പക്ഷികൾക്കും മൃഗങ്ങൾക്കും പ്രവേശിക്കാൻ കഴിയാത്ത തരത്തിൽ വേണം സ്ഥാപിക്കുവാൻ

iv. എല്ലാ സ്ഥാപനങ്ങൾക്കും അജൈവ മാലിന്യം കൈമാറ്റം ചെയ്യാൻ ഹരിത കർമ്മ സേനയുമായോ ശുചിത്വ മിഷൻ അംഗീകരിച്ച സ്വകാര്യ എജൻസികളുമായോ കരാർ ഉണ്ടാവണം. അംഗീകാരം ഇല്ലാത്ത എജൻസികളുമായി മാലിന്യ കൈമാറ്റം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനം നിയമ നടപടി സ്വീകരിക്കേണ്ടതാണ്.

v. ജൈവ മാലിന്യം എല്ലാ ദിവസവും നീക്കം ചെയ്യണം. ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ / പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള സംസ്കരണം ഉറപ്പ് വരുത്തണം. ഇവ ഇല്ലാത്ത പക്ഷം ജൈവ മാലിന്യം കൈമാറ്റം ചെയ്യാൻ ശുചിത്വ മിഷൻ അംഗീകരിച്ച എജൻസിയുമായി കരാർ ഉണ്ടാവണം. അംഗീകാരം ഇല്ലാത്ത എജൻസികളുമായി മാലിന്യ കൈമാറ്റം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതാണ്.

vi. മാലിന്യ ഉത്പാദനം കുറയ്ക്കുന്ന തരത്തിലുള്ള ബദൽ ഉല്പന്നങ്ങളുടെ ഉപയോഗം സ്ഥാപനങ്ങളിൽ പരമാവധി പ്രോത്സാഹിപ്പിക്കുക.

4.2 ഭക്ഷണശാല /തെരുവ് കച്ചവടം / തട്ടുകടകൾ

i. ഭക്ഷണ പദാർത്ഥങ്ങൾ നൽകാനായി ഒറ്റ തവണ മാത്രം ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ, ഗ്ലാസ്, പ്ലാസ്റ്റിക് /അലൂമിനിയം ഷീറ്റ്, പേപ്പർ വാഴയില മുതലായവയുടെ ഉപയോഗിക്കുന്നത് പരമാവതിയും, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് , കേരള സംസ്ഥാന സർക്കാർ എന്നിവർ നിരോധിച്ച ഇത്തരം ഉത്പന്നങ്ങൾ പൂർണ്ണമായും ഒഴിവാക്കുക. ജൈവ-അജൈവ മാലിന്യങ്ങളുടെ കൂടിക്കലരൽ ഒഴിവാക്കാനും ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവ് കുറക്കാനും സഹായിക്കും.

ii. പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങളുടെ ഉപയോഗം പരമാവധി പ്രോത്സാഹിപ്പിക്കുക (ഇലകൾ, പാള, തവിട് ഉപയോഗിച്ച് നിർമ്മിക്കുന്ന പാത്രങ്ങൾ മുതലായവ )

iii. പരിസ്ഥിതി സൗഹൃദ/പുനരുപയോഗ സാധ്യമായ സ്ട്രോ മാത്രം ഉപയോഗിക്കുക. ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് മാത്രം സ്ട്രോ നൽകുന്ന രീതി പരിഗണിക്കാവുന്നതാണ് .

iv. ദ്രവ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ ഉറവിട സംസ്കരണ സംവിധാനം ഉണ്ടാവണം / പൊതു സംവിധാനവുമായി ബന്ധപ്പെടുത്തണം / ദ്രവ മാലിന്യം ശേഖരിച്ച് സംസ്കരിക്കുവാൻ തദ്ദേശ സ്ഥാപനത്തിന്റെ അനുമതിയുള്ള ശുചിത്വ മിഷന്റെ അംഗീകാരവും ഉള്ള എജൻസികളുമായി കരാർ ഉണ്ടാകണം.

v. തെരുവ് കച്ചവടക്കാർക്ക് രജിസ്ട്രേഷൻ ഉണ്ടാവണം. വിനോദ സഞ്ചാര കേന്ദ്ര പരിധിക്കുള്ളിൽ കച്ചവടം നടത്തുന്ന കച്ചവടക്കാർ ആരൊക്കെ എന്നുള്ള വിവരം കേന്ദ്രത്തിന്റെ കച്ചവടം നടത്തുന്ന കേന്ദ്രത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പ് / എജൻസിക്ക് അറിവുണ്ടായിരിക്കണം.

vi. ഐസ്ക്രീം കച്ചവടക്കാർ പ്ലാസ്റ്റിക് രഹിതമായ പാക്കിംഗ് ഉള്ള ഐസ്ക്രീമുകളുടെയും ഭക്ഷ്യ യോഗ്യമായ പാക്കിങ് ഉള്ള ഐസ്ക്രീമുകളുടെയും വില്പന പ്രോത്സാഹിപ്പിക്കുക.

vii. കരിക്ക് കച്ചവടക്കാർ കരിക്കിന്റെ അവശിഷ്ടങ്ങൾ കൃത്യമായി ശേഖരിച്ച് വിനോദ സഞ്ചാര കേന്ദ്രത്തിൽ നിന്നും നീക്കം ചെയ്യണം. കരിക്ക് വാങ്ങിക്കൊണ്ട് പോകുന്ന ആളുകൾക്ക് അവ ഉപയോഗ ശേഷം മാലിന്യ ശേഖരണ സംവിധാനങ്ങളിൽ നിക്ഷേപിക്കുന്നതിനുള്ള നിർദ്ദേശം നൽകണം.

viii. പാർസൽ വാങ്ങിക്കുന്ന ആളുകളോട് ഭക്ഷണം കഴിച്ച ശേഷം ഉണ്ടാകുന്ന മാലിന്യം കൃത്യമായി ബിന്നുകളിൽ തന്നെ നിക്ഷേപിക്കാനുള്ള നിർദേശം നൽകുക / അറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക (ഐ. ഇ. സി)

4.3 ഹോട്ടൽ / ഹോം സ്റ്റേ / റിസോർട്ട് / ലോഡ്ജ് / ഹോസ്റ്റൽ / ഡോർമെറ്ററി

i. താമസക്കാർ ഉണ്ടാക്കുന്ന മാലിന്യം എന്ത് ചെയ്യണം എന്നുള്ള അറിയിപ്പ് ബോർഡുകൾ എല്ലാ മുറികളിലും സ്ഥാപിക്കണം. മാലിന്യം കൃത്യമായി ബിന്നുകളിൽ തന്നെ തരം തിരിച്ച് നിക്ഷേപിക്കാനുള്ള നിർദ്ദേശം താമസക്കാർക്ക് നൽകുക (ഐ. ഇ. സി)

ii. വൻകിട മാലിന്യ ഉത്പാദകരായ സ്ഥാപനങ്ങളിൽ ഖര, ദ്രവ മാലിന്യ സംസ്കരണത്തിന് ആവശ്യമായ സംവിധാനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അവ കൃത്യമായും പ്രവർത്തിപ്പിക്കേണ്ടതുമാണ്.

iii. ദ്രവ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ ഉറവിട സംസ്കരണ സംവിധാനം ഉണ്ടാവണം / പൊതു സംവിധാനവുമായി ബന്ധപ്പെടുത്തണം / ദ്രവ മാലിന്യം ശേഖരിച്ച് സംസ്കരിക്കാൻ ശുചിത്വ മിഷൻ അംഗീകരിച്ച സ്വകാര്യ ഏജൻസികളുമായി കരാർ ഉണ്ടാകണം

iv. കക്കൂസ് മാലിന്യ സംസ്കരണത്തിനായി സ്വന്തം സംവിധാനം ഉണ്ടാവണം / പൊതു സംവിധാനവുമായി ബന്ധപ്പെടുത്തണം / കക്കൂസ് മാലിന്യം ശേഖരിച്ച് സംസ്കരിക്കാൻ ശുചിത്വ മിഷൻ അംഗീകരിച്ച ഏജൻസികൾക്ക് കൈമാറണം. അതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതുമാണ് .

v. സാനിട്ടറി മാലിന്യം ഡബിൾ ചേംബർ ഇൻസിനറേറ്റർ ഉപയോഗിച്ച് സംസ്കരിക്കുകയോ ശുചിത്വ മിഷന്റെ അംഗീകാരമുള്ള സംസ്കരണ പ്ലാന്റുകൾക്കോ സ്വകാര്യ ഏജൻസികൾക്കോ കൈമാറി അതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതാണ് .

vi. സിമ്മിംഗ് പൂളുകളിലെ ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തണം, കൃത്യമായ ഇടവേളകളിൽ വെള്ളം മാറ്റണം.

4.4 ബോട്ട് /ഹൗസ് ബോട്ട് / വഞ്ചി /കുട്ട വഞ്ചി

i. മാലിന്യം തരം തിരിച്ച് ശേഖരിക്കാനുള്ള സംവിധാനം ബോട്ടുകളിൽ ഉണ്ടാകണം

ii. യാത്രക്കാരോ ജീവനക്കാരോ ബോട്ടുകളിൽ നിന്നും യാതൊരു തരത്തിലും ഉള്ള മാലിന്യവും ജലാശയങ്ങളിൽ നിക്ഷേപിക്കുന്നില്ലെന്ന് ഉറപ്പാക്കണം.

iii. സഞ്ചാരികൾ ഉണ്ടാക്കുന്ന മാലിന്യം എന്ത് ചെയ്യണം എന്നുള്ള അറിയിപ്പ് ബോർഡുകൾ ബോട്ടുകളിലും കടവുകളിലും ടിക്കറ്റ് കൗണ്ടറുകളിലും സ്ഥാപിക്കണം. അനൗൺസ്മെന്റ് സംവിധാനം ഉപയോഗിച്ചും ഈ അറിയിപ്പുകൾ നൽകാവുന്നതാണ്.

iv. ബോട്ട് ജീവനക്കാർ നിർദേശം നല്കിയിട്ടും ബോധപൂർവം ജലാശയത്തിലേക്ക് മാലിന്യം വലിച്ചെറിഞ്ഞാൽ നിയമ നടപടിക്കായി ശിപാർശ ചെയ്യണം.

v. ശുചിമുറി സംവിധാനം ഉള്ള ബോട്ടുകളിൽ ഉണ്ടാകുന്ന സാനിറ്ററി മാലിന്യം ശാസ്ത്രീയമായ രീതിയിൽ

തന്നെ സംസ്കരിക്കണം / ശുചിത്വ മിഷൻ അംഗീകരിച്ച ഏജൻസികളുമായി കരാർ ഉണ്ടാകണം

vi. ബോട്ടുകളിൽ കയറുകയും ഇറങ്ങുകയും ചെയ്യുന്ന സ്ഥലങ്ങളിൽ മാലിന്യം തരം തിരിച്ച് ശേഖരിക്കാനുള്ള ബിന്നുകൾ ഉണ്ടാവണം

vii. ബോട്ടുകളിൽ കുപ്പിവെള്ളത്തിന്റെ ഉപയോഗം ഒഴിവാക്കാനുള്ള ഇടപെടൽ നടത്തുക. വാട്ടർ ഡിസ്പെൻസർ സംവിധാനം ബോട്ടുകളിൽ ഉറപ്പാക്കുക.

4.5 മൃഗങ്ങളെ ഉപയോഗിക്കുന്നവർ

i. ആന,കുതിര,ഒട്ടകം മുതലായ മൃഗങ്ങളെ ഉപയോഗിക്കുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ അവ മൂലം ഉണ്ടാകുന്ന മാലിന്യത്തിന്റെ ഉത്തരവാദിത്വം അവയുടെ ഉടമസ്ഥർക്ക് തന്നെ ആയിരിക്കും.

ii. കൃത്യമായ ഇടവേളകളിൽ ഇവയുടെ വിസർജ്ജ്യം വിനോദ സഞ്ചാര കേന്ദ്രത്തിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

iii. മൃഗങ്ങൾക്ക് നൽകുന്ന ഭക്ഷണ അവശിഷ്ടം കേന്ദ്രത്തിൽ ഉപേക്ഷിച്ച് പോകാൻ പാടില്ല.

iv. കേന്ദ്രത്തിൽ സ്ഥാപിച്ചിരിക്കുന്ന മാലിന്യ ശേഖരണ സംവിധാനങ്ങളിൽ നിന്നും മൃഗങ്ങൾ മാലിന്യം ഭക്ഷിക്കുന്നില്ല എന്ന് മൃഗത്തിന്റെ ഉടമ ഉറപ്പ് വരുത്തണം.

v. വിനോദ സഞ്ചാര കേന്ദ്ര പരിധിക്കുള്ളിൽ വന്യമൃഗങ്ങൾക്ക് മരണം സംഭവിക്കുന്ന സാഹചര്യത്തിൽ വനം വകുപ്പിനെ അറിയിക്കുകയും മറ്റ് മൃഗങ്ങൾക്ക് മരണം സംഭവിക്കുന്ന സാഹചര്യത്തിൽ അവ കൃത്യമായി മറവ് ചെയ്യേണ്ടതുമാണ്

4.6 ട്രെക്കിംഗ് & ടെന്റിംഗ്

i. ട്രെക്കിംഗ് /ടെന്റിംഗ് നടത്തുന്ന സ്ഥലത്ത് വൃത്തി ഉറപ്പാക്കുന്നതിൽ ട്രെക്കിംഗ് പോകുന്നവർക്കും & ട്രെക്കിംഗ് സംഘടിപ്പിക്കുന്നവർക്കും ഒരു പോലെ ഉത്തരവാദിത്വം ഉണ്ട്

ii. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് / കേരള സംസ്ഥാന സർക്കാർ നിരോധിച്ച വസ്തുക്കൾ* ട്രെക്കിംഗ് / ടെന്റിംഗിന് പോകുമ്പോൾ കൊണ്ടുപോകാൻ പാടില്ല.

iii. ട്രെക്കിംഗ് /ടെന്റിംഗ് പോകുമ്പോൾ ഒറ്റ തവണ മാത്രം ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കുക

iv. ട്രക്കിങ്ങിന് / ടെന്റിംഗിന് കൊണ്ടുപോകുന്ന അജൈവ വസ്തുക്കളുടെ എണ്ണം രേഖപ്പെടുത്തിയ കൂപ്പൺ സംവിധാനം കൊണ്ടുവരുക. തിരികെ വരുമ്പോൾ കൂപ്പൺ പരിശോധിച്ച് അജൈവ വസ്തു ഒന്നും ട്രെക്കിംഗ് / ടെന്റിംഗിന് പോയ സ്ഥലത്ത് ഉപേക്ഷിച്ചിട്ടില്ല എന്ന് ട്രെക്കിംഗ് / ടെന്റിംഗ് സംഘടിപ്പിക്കുന്നവർ ഉറപ്പ് വരുത്തുക.

v. ട്രെക്കിംഗിനിടയിൽ യാതൊരു തരത്തിലുള്ള മാലിന്യവും ട്രെക്കിംഗ് പോകുന്നവരും & ട്രെക്കിംഗ് സംഘടിപ്പിക്കുന്നവരും ട്രെക്കിംഗ് നടത്തുന്ന സ്ഥലത്ത് നിക്ഷേപിക്കാൻ പാടുള്ളതല്ല.

vi. ടെന്റിംഗ് നടത്തുന്ന സ്ഥലത്ത് ഉണ്ടാകുന്ന മാലിന്യം അവിടെ നിക്ഷേപിച്ച് പോകാൻ പാടുള്ളതല്ല (ടെന്റിംഗ് നടത്തുന്ന സ്ഥലത്തിന്റെ ഉടമസ്ഥത ആരുടെ തന്നെയായാലും അവിടെ ഉണ്ടാകുന്ന മാലിന്യത്തിന്റെ ഉത്തരവാദിത്തം ടെന്റിംഗ് നടത്തുന്ന ആളുകളുടേതായിരിക്കും .ടെന്റിംഗ് സംഘടിപ്പിക്കുന്നവർ ഈ കാര്യം ഉറപ്പാക്കണം )

4.7 ടാക്സി / ടൂറിസ്റ്റ് ബസ് ഓപ്പറേറ്റേഴ്സ്

i. യാത്രയിൽ ഉടനീളം വാഹനത്തിൽ ഉണ്ടാകുന്ന മാലിന്യത്തിന്റെ ഉത്തരവാദിത്തം യാത്രക്കാർക്കും വാഹന ഉടമയ്ക്കും വാഹനത്തിലെ ജീവനക്കാർക്കും ഒരുപോലെ ഉണ്ട്.

ii. യാത്രാമധ്യേ വാഹനത്തിൽ ഉണ്ടാകുന്ന മാലിന്യം തരം തിരിച്ച് ശേഖരിക്കാനുള്ള സജ്ജീകരണം വാഹനത്തിൽ ഉണ്ടാകണം. അവ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം യാത്രക്കാർക്ക് നൽകേണ്ടതാണ്. ശേഖരിക്കുന്ന മാലിന്യം ശാസ്ത്രീയമായ ശേഖരണ സംവിധാനങ്ങളിലേക്ക് നിക്ഷേപിക്കണം .

iii. യാത്രക്കാർ വാഹനത്തിൽ നിന്നും മാലിന്യം പുറത്തേക്ക് വലിച്ചെറിയുന്ന സാഹചര്യം ഉണ്ടാകരുത്, അതിനുള്ള നിർദ്ദേശം യാത്രക്കാർക്ക് നല്കണം, വാഹനത്തിനുള്ളിൽ അത് എഴുതി വെക്കണം ( കൈയ്യും തലയും പുറത്തിടരുത്, പുക വലിക്കരുത് എന്നീ നിർദ്ദേശങ്ങൾക്കൊപ്പം )

iv. സഞ്ചാരികൾ കൊണ്ടുവരുന്ന ആഹാരം കഴിക്കാനായി വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേക സംവിധാനം (ഗ്രീൻ ഫെസിലിറ്റി സെന്റർ) ഉണ്ടെങ്കിൽ യാത്രക്കാർ കൊണ്ടുവരുന്ന ആഹാരം കഴിക്കാനായി ആ സംവിധാനങ്ങൾ ഉപയോഗിക്കാൻ യാത്രക്കാർക്ക് നിർദ്ദേശം നല്കുക

v. യാത്രക്കാർ ആഹാരം കഴിക്കാനായി നിരോധിച്ച പാത്രങ്ങളും ഗ്ലാസ്സുകളും ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തണം. നിരോധിച്ച ഉത്പന്നങ്ങൾ* വാഹനത്തിൽ നിന്നും കണ്ടെത്തിയാൽ നിരോധിത വസ്തുക്കൾ കടത്താൻ വാഹനം ഉപയോഗിച്ചതായി കണക്കാക്കി നിയമ നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്

vi. വാഹനം പാർക്ക് ചെയ്യുന്ന ഇടങ്ങളിൽ വാഹനം വൃത്തിയാക്കിയ ശേഷം മാലിന്യം നിക്ഷേപിച്ച്

പോകാൻ പാടുള്ളതല്ല. ഇത്തരം പ്രവർത്തി ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്വയംഭരണ സ്ഥാപനം നിയമ നടപടി സ്വീകരിക്കേണ്ടതാണ്.

**5. വിനോദ സഞ്ചാര കേന്ദ്രത്തിന്റെ ചുമതലയുള്ള ഏജൻസി**

1. ഈ ശുചിത്വ മാലിന്യ പെരുമാറ്റ ചട്ടത്തിൽ പ്രതിപാദിക്കുന്ന കാര്യങ്ങൾ വിനോദ സഞ്ചാര കേന്ദ്രത്തിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കണം

2. കേന്ദ്രത്തിലെ മാലിന്യ സംസ്കരണ രീതികളും അതിന് മേൽനോട്ടം വഹിക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ)/ജീവനക്കാരി(ൻ)യുടെ വിവരങ്ങൾ തദ്ദേശ സ്ഥാപനത്തിന് രേഖാമൂലം കൈമാറണം

3. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്/ കേരള സംസ്ഥാന സർക്കാർ നിരോധിച്ച ഉല്പന്നങ്ങളുടെ* ഉപയോഗവും വിപണനവും വിനോദ സഞ്ചാര കേന്ദ്രത്തിൽ കർശനമായി നിരോധിക്കണം.

4. വിനോദ സഞ്ചാര കേന്ദ്രത്തിലെ പൊതു ഇടങ്ങളിൽ ഉണ്ടാകുന്ന മാലിന്യം തരം തിരിച്ച് ശേഖരിക്കാനുള്ള സംവിധാനം ഒരുക്കണം

5. പൊതു സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന ബിന്നുകളിൽ വരുന്ന അജൈവ മാലിന്യം കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്ത് എല്ലാ സമയത്തും സഞ്ചാരികൾക്ക് മാലിന്യം നിക്ഷേപിക്കാനുള്ള സൗകര്യം ഉറപ്പാക്കേണ്ടതാണ്. ബിന്നുകളുടെ വൃത്തിയും ആകർഷകതയും ഉറപ്പാക്കണം. കേന്ദ്രത്തിൽ മാലിന്യ ശേഖരണത്തിനായി സ്ഥാപിച്ചിരിക്കുന്ന ബിന്നുകൾ നിറഞ്ഞു കവിഞ്ഞു ഇരിക്കാൻ പാടുള്ളതല്ല

6. കൃത്യമായ ഇടവേളകളിൽ വിനോദ സഞ്ചാര കേന്ദ്രം വൃത്തിയാക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കണം

7. വിനോദ സഞ്ചാര കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും എല്ലാ കച്ചവടക്കാരുടെയും മാലിന്യ സംസ്കരണം സംബന്ധിച്ച വിവരങ്ങൾ പ്രസ്തുത കേന്ദ്രത്തിൽ ഉണ്ടാവണം.

8. തെരുവ് കച്ചവടക്കാർക്ക് The Street Vendors (Protection of Livelihood and Regulation of Street Vending ) ACT 2024 പ്രകാരം ഉള്ള രജിസ്ട്രേഷൻ ഉണ്ടാവണം, ഐ. ഡി കാർഡ് ഉണ്ടെന്ന് ഉറപ്പാക്കുക.

9. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾക്കെതിരെ സ്വീകരിക്കുന്ന

നിയമനടപടികളും ഈടാക്കാവുന്ന പിഴത്തുകയും സംബന്ധിച്ച അറിയിപ്പുകൾ വിനോദ സഞ്ചാര കേന്ദ്രത്തിൽ പ്രദർശിപ്പിക്കണം

10. പൊതു സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന ബിന്നുകളിൽ നിന്നും ലഭിക്കുന്ന അജൈവ മാലിന്യം കൈമാറ്റം ചെയ്യാൻ തദ്ദേശസ്വയംഭരണസ്ഥാപനം നിയോഗിച്ച, ശുചിത്വ മിഷൻ അംഗീകരിച്ച ഏജൻസിയുമായി കരാർ ഉണ്ടാക്കണം. കൃത്യമായ ഇടവേളകളിൽ ഈ ഏജൻസിയുമായി അജൈവ മാലിന്യ കൈമാറ്റം നടക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.

11. ആവശ്യമെങ്കിൽ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ആവശ്യമായ യൂസർ ഫീ / സെസ്സ് സഞ്ചാരികൾക്ക് ഏർപ്പെടുത്തുന്ന കാര്യം ടൂറിസം കേന്ദ്രത്തിന്റെ ചുമതലയുള്ള ഏജൻസി തദ്ദേശ സ്ഥാപനവുമായി ചർച്ച ചെയ്ത് തീരുമാനിക്കുക.

12. വിനോദ സഞ്ചാര കേന്ദ്രത്തിലെ മാലിന്യ കൂനകൾ തദ്ദേശ സ്ഥാപനത്തിന്റെ സഹായത്തോടെ നീക്കം ചെയ്യുക. പുതിയവ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക

13. തദ്ദേശ സ്ഥാപനത്തിന്റെ സഹകരണത്തോടെ വിനോദ സഞ്ചാര കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സ്ഥാപന ഉടമകൾക്കും ജീവനക്കാർക്കും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പരിശീലനം നൽകണം.

14. വിനോദ സഞ്ചാര കേന്ദ്രത്തിലെ മാലിന്യ സംസ്കരണത്തിന്റെ വൃത്തി വിലയിരുത്തുന്നതിനുള്ള അവസരം കേന്ദ്രം സന്ദർശിച്ച് മടങ്ങുന്ന സഞ്ചാരി, പ്രദേശ നിവാസി, തദ്ദേശ സ്ഥാപനം, വിനോദ സഞ്ചാര വകുപ്പ് എന്നിവർക്ക് നൽകുക

15. വിനോദ സഞ്ചാര കേന്ദ്രത്തിൽ സി.സി.ടി.വി സ്ഥാപിക്കുക. അത് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ പ്രയോജനപ്പെടുത്തുക

16. സഞ്ചാരികൾ കൊണ്ടുവരുന്ന ആഹാരം കഴിക്കാനായി വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേക സംവിധാനം (ഗ്രീൻ ഫെസിലിറ്റി സെന്റർ) നിർമ്മിക്കാനുള്ള നടപടികൾ തദ്ദേശ സ്ഥാപനത്തിന്റെ സഹകരണത്തോടെ സ്വീകരിക്കുക, നടത്തിപ്പിനായി ആളുകളെ നിയമിക്കുക. കുടുംബശ്രീയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

**6. തദ്ദേശ സ്ഥാപനം**

1. തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന ചെറുതും വലുതുമായ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളുടേയും മാലിന്യ സംസ്കരണ ചുമതലയുള്ള വ്യക്തിയുടേയും സ്ഥാപനത്തിന്റെയും വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കണം.

2. ശുചിത്വ മാലിന്യ പെരുമാറ്റ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ തദ്ദേശ സ്ഥാപന പരിധിയിൽ

പ്രവർത്തിക്കുന്ന എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കണം

3. വിനോദ സഞ്ചാര കേന്ദ്രത്തിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് / കേരള സംസ്ഥാന സർക്കാർ നിരോധിച്ച വസ്തുക്കളുടെ* ഉപയോഗവും വിപണനവും ഇല്ല എന്ന് ഉറപ്പാക്കണം.

4. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന വിജിലൻസ് ടീമിന്റെ നേതൃത്വത്തിൽ നടത്തണം. നിയമ ലംഘനം കണ്ടെത്തിയാൽ കർശനമായ നടപടി സ്വീകരിക്കണം.

5. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാര കേന്ദ്രത്തിൽ ഉണ്ടാകുന്ന നിയമ ലംഘനം കേന്ദ്രത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പ് / ഏജൻസി അറിയിച്ചാൽ സമയബന്ധിതമായി ഇടപെടണം.

6. ഉടമസ്ഥതയില്ലാതെ തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളെ കണ്ടെത്തി ആ കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം

7. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, സേവനങ്ങൾ ഉറപ്പാക്കാൻ കേന്ദ്രത്തിന്റെ ഉടമസ്ഥത ഉള്ള വകുപ്പ് / എജൻസിയുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കുക

8. വിനോദ സഞ്ചാര കേന്ദ്രത്തിൽ മാലിന്യ ശേഖരണം നടത്തുന്നത് ശുചിത്വ മിഷന്റെ അംഗീകാരമുള്ള എജൻസികളാണെന്ന് ഉറപ്പുവരുത്തണം .

9. ശുചിത്വ മിഷന്റെ അംഗീകാരമുള്ള മാലിന്യ ശേഖരണം നടത്തുന്ന എജൻസികളുടെ വിവരങ്ങൾ കേന്ദ്രത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പ് / ഏജൻസിക്ക് കൈമാറണം

10. വിനോദ സഞ്ചാര കേന്ദ്രത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പ് / ഏജൻസിയുടെ സഹകരണത്തോടെ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സ്ഥാപന ഉടമകൾക്കും ജീവനക്കാർക്കും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പരിശീലനം നടത്തി പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുക.

11. സഞ്ചാരികൾ കൊണ്ടുവരുന്ന ആഹാരം കഴിക്കാനായി വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേക സംവിധാനം (ഗ്രീൻ ഫെസിലിറ്റി സെന്റർ) നിർമ്മിക്കാനുള്ള നടപടികൾ വിനോദ സഞ്ചാര കേന്ദ്രത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പ് / ഏജൻസിയുടെ സഹകരണത്തോടെ സ്വീകരിക്കുക. നടത്തിപ്പിനായി ആളുകളെ നിയമിക്കുക. കുടുംബശ്രീയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

## 7. കേന്ദ്രത്തിലെത്തുന്ന സഞ്ചാരികൾ

1. വിനോദ സഞ്ചാര കേന്ദ്രത്തിലെ മാലിന്യ പരിപാലന സംവിധാന രീതി മനസിലാക്കി അതിന്

അനുസരിച്ച് പ്രവർത്തിക്കുക.

2. മാലിന്യം ശേഖരണ സംവിധാനങ്ങളിൽ മാത്രം നിക്ഷേപിക്കുക.

3. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥ(ൻ) /ജീവനക്കാരി(ൻ)യെയോ തദ്ദേശ സ്ഥാപനത്തേയോ അറിയിക്കുക. നിയമ നടപടിക്ക് ശിപാർശ ചെയ്യുക. ഇതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സിംഗിൾ വാട്ട്സ്ആപ്പ് നമ്പർ ആയ 9446700800 ഉപയോഗിക്കാവുന്നതാണ്.

4. വിനോദ സഞ്ചാര കേന്ദ്രത്തിൽ നിരോധിത വസ്തുക്കളുടെ* വിപണനവും ഉപയോഗവും ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥ(ൻ)/ജീവനക്കാരി(ൻ)യോ തദ്ദേശ സ്ഥാപനത്തെയോ അറിയിക്കുക. നിയമ നടപടിക്ക് ശിപാർശ ചെയ്യുക

5. സഞ്ചാരികൾ കൊണ്ടുവരുന്ന ആഹാരം കഴിക്കാനായി വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേക സംവിധാനം (ഗ്രീൻ ഫെസിലിറ്റി സെന്റർ) ഉണ്ടെങ്കിൽ അത് കൃത്യമായി ഉപയോഗിക്കുക

6. വിനോദ സഞ്ചാര കേന്ദ്രത്തിലെ മാലിന്യ സംസ്കരണത്തിന്റെ വൃത്തി വിലയിരുത്തുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്തുക

## 8. വിനോദ സഞ്ചാര വകുപ്പ്

1. സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക.

2. ഈ പ്രോട്ടോക്കോൾ വിനോദ സഞ്ചാര വകുപ്പിന്റെ കീഴിലുള്ള എല്ലാ കേന്ദ്രങ്ങളിലും പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുക

3. വിനോദ സഞ്ചാര വകുപ്പിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്ഥാപനത്തെ അറിയിക്കുക, നിയമ നടപടിക്ക് ശിപാർശ ചെയ്യുക

## 9. ശുചിത്വ മിഷൻ

1. ഈ പ്രോട്ടോക്കോൾ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുക

2. വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണം നിരന്തരമായി വിലയിരുത്തൽ നടത്തുക

3. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പ് വരുത്തുന്നതിനുള്ള സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ നൽകുക.

4. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദിത്തപ്പെട്ട വ്യക്തിയേയോ തദ്ദേശ സ്ഥാപനത്തേയൊ അറിയിക്കുക, നിയമ നടപടിക്ക് ശിപാർശ ചെയ്യുക.

**നിരോധിത വസ്തുക്കൾ ***

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ **2016-** ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കിന്റെ നിരോധനം

**01.01.2020** മുതൽ സംസ്ഥാനത്തിനകത്ത് നിരോധിച്ച പ്ലാസ്റ്റിക് വസ്തുക്കൾ

1. ഗാർബേജ് ബാഗുകൾ (പ്ലാസ്റ്റിക് - ബയോ മെഡിക്കൽ മാലിന്യശേഖരണത്തിന് ഉള്ളവ ഒഴികെ)

2 . നോൺ വൂവൺബാഗുകൾ [WP(C) No.23989/2022 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 10.01.2023ലെ വിധിന്യായ പ്രകാരം 60 GSM-ന് താഴെ ]

3. പ്ലാസ്റ്റിക് ഫ്ലാഗുകൾ

4. പ്ലാസ്റ്റിക് തോരണങ്ങൾ

5. PET/ PETE കുടിവെള്ള ബോട്ടിലുകൾ (500ml ന് താഴെയുള്ളവ)

6. എല്ലാ കനത്തിലുമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ

7. പ്ലാസ്റ്റിക് കോട്ടിങ്ങ് ഉള്ള പേപ്പർ കപ്പുകൾ, പേപ്പർ പാത്രങ്ങൾ, പേപ്പർ ബൗളുകൾ, പേപ്പർ ബാഗുകൾ

8. പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കോട്ടിങ്ങുള്ള ഇല കൊണ്ടുള്ള പാത്രങ്ങൾ

9. പ്ലാസ്റ്റിക് പാക്കറ്റുകൾ (കടകളിലും വഴിയോര കച്ചവടത്തിനും ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പാക്കറ്റുകൾ)

10. പ്ലാസ്റ്റിക് തൈ ബാഗുകൾ

11. പ്ലാസ്റ്റിക് ഷീറ്റുകൾ (മേശവിരി) ഒറ്റത്തവണ ഉപയോഗിക്കുന്നവ

12. പ്ലാസ്റ്റിക് വാട്ടർ പൗച്ചുകൾ, ബ്രാൻഡഡ് അല്ലാത്ത പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ

13. തെർമോക്കോൾ, സ്റ്റൈറോഫോം എന്നിവ ഉപയോഗിച്ചുണ്ടാക്കുന്ന പാത്രങ്ങൾ കപ്പു കൾ, അലങ്കാര വസ്തുക്കൾ.

14. പി.വി.സി ഫ്ളക്സ് മെറ്റീരിയലുകൾ, പ്ലാസ്റ്റിക് കോട്ടിങ്ങുള്ള പോളിസ്റ്റർ, നൈലോൺ, കൊറിയൻ തുണി കൾ

15. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പാത്രങ്ങൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ടിഷ്യുകൾ

16. നിരോധിക്കപ്പെട്ട ഒറ്റത്തവണ ഉപയോഗിക്കാവുന്ന ബയോ ഡീഗ്രേഡബിൾ ഉല്പന്നങ്ങൾ (കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റില്ലാത്തവ)

17. ഓക്സോ ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക്കുകൾ

18. കോല് മിഠായി, ഇയർബഡ്സ്, ഐസ്ക്രീം, ബലൂൺ എന്നിവയുടെ പ്ലാസ്റ്റിക് പിടികൾ

19. മധുരപലഹാരങ്ങൾ, ക്ഷണക്കത്തുകൾ, സിഗരറ്റ്പാക്കറ്റുകൾ ഇവ പൊതിയുന്ന പ്ലാസ്റ്റിക് ഫിലിമുകൾ

**വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഐ.ഇ.സി ബോർഡുകളിൽ നൽകാവുന്ന സന്ദേശ മാതൃകകൾ (എത്തുന്ന സഞ്ചാരികളുടെയും ഭാഷയുടെ അടിസ്ഥാനത്തിൽ മലയാളം, ഹിന്ദി , ഇംഗ്ലീഷ്, തമിഴ് ഭാഷകളിൽ)**

1. മാലിന്യം ബിന്നുകളിൽ നിക്ഷേപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ
2. മാലിന്യം വലിച്ചെറിയാതിരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ
3. മാലിന്യ സംസ്കാരണവുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കാനുള്ള നമ്പർ
4. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾക്കുള്ള ശിക്ഷയും പിഴത്തുകയും
5. ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെ ആവശ്യകതയും ഗുണങ്ങളും വ്യക്തമാക്കുന്ന സന്ദേശങ്ങൾ
6. വിനോദ സഞ്ചാര കേന്ദ്രത്തിൽ പിന്തുടരുന്ന മാലിന്യ സംസ്കരണ രീതി സഞ്ചാരികൾക്ക് മനസിലാകുന്ന തരത്തിലുള്ള സന്ദേശങ്ങൾ